ഉത്തരം

(എ) ഉണ്ട്. ഈ സ്ഥാപനത്തിന്റെ പുനരുദ്ധാരണത്തിനായി ഒരു പദ്ധതി ആവിഷ്ക്കരിക്കുകയും കേന്ദ്ര സർക്കാർ സ്ഥാപനമായ ഡി.ആർ.ഡി.ഒ., ഐ.എസ്.ആർ.ഒ. എന്നിവയിൽ നിന്നും 10 കോടി രൂപവീതം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന സർക്കാർ വിഹിതമായി 7.56 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

കേരള ഹൈടെക് ഇൻഡസ്ട്രീസിന്റെ പുനരുദ്ധാരണ പ്രവർത്തനം

153 (1419) ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ചാക്കയിൽ സ്ഥിതിചെയ്യുന്ന കേരള ഹൈടെക് ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ എത്രത്തോളമായി എന്ന് അറിയിക്കുമോ ;

(ബി) ഇതിനായി കേന്ദ്ര ഗവൺമെന്റ് ഏതെങ്കിലും സ്ഥാപനങ്ങളോ ഏജൻസികളോ സഹായം വാഗ്ദാനം ചെയ്തിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാന സർക്കാർ പ്രസ്തുത കമ്പനിയുടെ പുനരുദ്ധാരണത്തിനായി എത്രകോടി രൂപ അനുവദിച്ചിട്ടുണ്ട് ; സംസ്ഥാന സർക്കാരിന്റെ വിഹിതം നാളിതുവരെ അനുവദിച്ചിട്ടില്ലെങ്കിൽ അത് എത്രയും വേഗം അനുവദിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ-സി) കേരള ഹൈടെക് ഇൻഡസ്ട്രീസിന്റെ പുനരുദ്ധാരണം പ്രധാനമായി ഉദ്ദേശിക്കുന്നത് സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നും ബാങ്കുകളിൽനിന്നും എടുത്തിരിക്കുന്ന ദീർഘകാല വായ്പ ഒറ്റത്തവണയായി മടക്കികൊടുത്ത് ഈ സ്ഥാപനത്തെ ഭാരിച്ച പലിശയിൽ നിന്നും മുക്തമാക്കുക എന്നതാണ്. കെൽടെക്കിന്റെ 1999 ഡിസംബർ 31 വരെയുള്ള കടബാദ്ധ്യത 78.56 കോടി രൂപയാണ്. ഇതിൽ ദീർഘകാല വായ്പ 27.56 കോടി രൂപയും ബാക്കി പലിശയുമാണ്. വായ്പതുകയായ 27.56 കോടി രൂപ ഒറ്റതവണയായി മടക്കി നൽകിയാൽ പലിശയിനത്തിൽ നൽകേണ്ടതായ തുക മുഴുവൻ ഇളവു ചെയ്യാമെന്ന് സാമ്പത്തിക സ്ഥാപനങ്ങളും ബാങ്കുകളും സമ്മതിച്ചിട്ടുണ്ട്. ഇതിനായി കേന്ദ്ര ഗവൺമെന്റ് സ്ഥാപനങ്ങളായ ഡി.ആർ.ഡി.ഒ.യും ഐ.എസ്.ആർ.ഒ. യും 10 കോടി രൂപ വീതം അനുവദിച്ചിട്ടുണ്ട്. 7.56 കോടി രൂപ കേരള സർക്കാരും അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഈ തുക എത്രയും വേഗം കമ്പനിക്ക് ലഭ്യമാക്കുന്നതിനാവശ്യമായ നിർദ്ദേശം വ്യവസായ വകുപ്പ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly